| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാലാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.272 | | 08/06/2015 ൽ മറുപടിക്ക് | |
| ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ കൈക്കൂലിക്കെതിരെയുള്ള നടപടി | | | |
| ചോദ്യം | | മറുപടി | |
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ )<br>ശ്രീ.സി.കൃഷ്ണൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ കൈക്കൂലി വാങ്ങിയതായി പരാതി ഉണ്ടായാൽ സർക്കാർ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ; ഈ വ്യവസ്ഥകൾ ഒരു മന്ത്രിയ്ക്ക് ബാധകമാണോ ; | (എ) | പരാതികളിൽ കഴമ്പുണ്ടോ എന്നുള്ള പ്രാഥമിക അന്വേഷണം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തി പരാതിയിൽ കഴമ്പുണ്ടെങ്കിൽ കേസ് രജിസ്റ്റർ ചെയ്യാൻ ശുപാർശ ചെയ്യും. ഇതിൽ എല്ലാ പൗരന്മാരും ഉൾപ്പെടും. |
| (ബി) | ഈ സർക്കാർ, കൈക്കൂലി കുറ്റത്തിന് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയും സർവ്വീസിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട് ; | (ബി) | കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് 121 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 86 പേരെ സർവ്വീസിൽ നിന്ന് മാറ്റിനിർത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | കൈക്കൂലി വാങ്ങിയതായി ആരോപിച്ചുകൊണ്ട് ഏതെല്ലാം മന്ത്രിമാർക്കെതിരെ പരാതിയുണ്ടായിട്ടുണ്ട്; ഏതെല്ലാം കേസുകളിൽ; ഏതെല്ലാം കേസുകളിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി; എഫ്.ഐ.ആറിൽ ഒന്നാം പ്രതിയായ മന്ത്രി ഇപ്പോഴും മന്ത്രിസ്ഥാനത്ത് തുടരുന്നുണ്ടോ ; | (സി) | കൈക്കൂലി വാങ്ങിയ ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ.കെ.എം.മാണി (ധനകാര്യ വകുപ്പ് മന്ത്രി)-ക്കെതിരെ വി.സി.6/2014/ എസ്.ഐ.യു.-I എന്ന കേസ് നിലവിലുണ്ട്. ശ്രീ.കെ.ബാബു (എക്സൈസ് വകുപ്പ് മന്ത്രി) -വിനെതിരെ ശ്രീ. ബിജുരമേശ് കോടതിയിൽ നൽകിയ 164 സ്റ്റേറ്റ്മെന്റിൽ കൈക്കൂലി വാങ്ങിയതായി പരാമർശമുണ്ടായിരുന്നു. ഇതിൽ ഒരു പ്രാഥമിക അന്വേഷണം നടന്നു വരുന്നു. |
| (ഡി) | ഈ സർക്കാരിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെയുണ്ടായിരുന്ന കേസുകൾ പിൻവലിച്ചിട്ടുണ്ട്; നിലവിൽ വിജിലൻസ് കേസുകൾ നേരിടുന്ന മന്ത്രിമാർ ആരെല്ലാം ? | (ഡി) | കേസുകൾ ഒന്നുംതന്നെ പിൻവലിച്ചിട്ടില്ല. നിലവിൽ ശ്രീ.അടൂർ പ്രകാശ്, ശ്രീ.പി.ജെ.ജോസഫ്, ശ്രീ.കെ.എം.മാണി എന്നിവർക്ക് എതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ